ഉത്തരം

(എ) ഇരിണാവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാനായിട്ടില്ല. സ്ഥലം ലഭ്യമായാൽ ഭരണാനുമതി നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

പയ്യന്നൂരിൽ നിർമ്മാണം പൂർത്തിയാക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി

395 (1453) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിൽ നിർമ്മാണം പൂർത്തിയാക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; ഇതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം 2014 ഡിസംബർ 31-ന് പൂർത്തീകരിക്കാൻ കഴിയും. പ്രസ്തുത പ്രവൃത്തിയുടെ 90% പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നബാർഡ് സഹായം

396 (1454) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നബാർഡ് ധനസഹായത്തിനുവേണ്ടി ഈ വർഷം കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുവാൻ മുമ്പ് ഭരണാനുമതി നൽകിയിരുന്ന ചേലക്കര മണ്ഡലത്തിലെ കൊണ്ടാഴി - കുത്താംപുള്ളി റോഡും പാലവും നിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ധനസഹായത്തിനുവേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഡി) നബാർഡ് ധനസഹായത്തിനുവേണ്ടിയുള്ള പദ്ധതികളിൽ പ്രസ്തുത റോഡിന്റെയും പാലത്തിന്റെയും കൂടി നിർമ്മാണം ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly